3

# മരണാനന്തരജീവിതത്തിന്റെ ഉറപ്പ്

*"എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തിരിക്കുന്നു" (1 കൊരിന്ത്യർ 15:20).*

മരണാനന്തരം എന്തു സംഭവിക്കുമെന്ന് കാണിക്കുവാൻ സാധ്യമല്ല. ചിലർ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റിട്ടുണ്ടെങ്കിലും (താഴെയുള്ള ചാർട്ട് നോക്കുക), ഈ ജീവിതത്തിനപ്പുറമുള്ള അവരുടെ അനുഭവ വിവരണങ്ങൾ ഒന്നും നമുക്ക് ഇല്ല.

നമ്മിൽ മിക്ക പേർക്കും തുടർച്ചയായി ജീവിക്കണം എന്നാണ് താല്പര്യം. ശലോമോൻ പറഞ്ഞു, "അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്തുനിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തി ഗ്രഹിപ്പാൻ അവർക്ക് കഴിവില്ല" (സഭാപ്രസംഗി 3:11). നമ്മുടെ പ്രിയപ്പെട്ടവരെ മരണശേഷം വീണ്ടും കാണുവാൻ നമ്മിൽ മിക്കപേർക്കും താൽപര്യമുണ്ട്. കല്ലറക്കപ്പുറമുള്ള ജീവിത്തിന് നാം പ്രത്യാശിക്കുന്നു. മരണം ഒരു അടഞ്ഞ വാതിലായി കാണുവാൻ നാം ആഗ്രഹിക്കുന്നില്ല; ഭാവിനിലനിൽപിനുള്ള ഒരു വഴി കണ്ടെത്തുവാൻ നമുക്ക് ഇഷ്ടമുണ്ട്.

തത്വചിന്തകന്മാർ അവരുടെ ആശയപ്രകാരം മരണാനന്തരജീവിതത്തെ ഉറപ്പിക്കുകയോ അല്ലെങ്കിൽ നിഷേധിക്കുകയോ ചെയ്യും. യുക്തിക്ക് മാത്രം അവരുടെ തീർപ്പിനെ തെളിയിക്കുവാൻ സാധ്യമല്ല. പ്രസക്തമെന്ന് തോന്നുന്നതു സത്യമാകണമെന്നില്ല.

ഇയ്യോബ് ചോദിച്ചു, "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?" (ഇയ്യോബ് 14:14) ആ ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിനു മാത്രമെ വെളിപ്പെടുത്തുവാൻ കഴിയു. മരണാനന്തരജീവിതത്തെ കുറിച്ച് ചോദ്യം ചെയ്യപ്പെടാത്ത ഉറപ്പോ വ്യക്തമായ തെളിവോ യുക്തിക്കോ തത്വശാസ്ത്രത്തിനോ നൽകുവാൻ സാധ്യമല്ല. തെറ്റുപറ്റാത്ത വെളിപ്പാടിനു മാത്രമെ അതു സാധിക്കയുള്ളു. വെളിപ്പാടിന്മേൽ ഉറപ്പിക്കുന്നതിനനുസരിച്ചു മാത്രമെ കല്ലറക്കപ്പുറമുള്ള ജീവിതത്തിന് വിശ്വാസ അടിത്തറയിടുവാൻ കഴിയു. നമുക്ക് തെറ്റുപറ്റാത്ത വെളിപ്പാട് ഇല്ലെങ്കിൽ, മരണാനന്തരജീവിതത്തെ സംബന്ധിച്ച് ഒരു ഉറപ്പും ഉണ്ടാകയില്ല.

### പഴയനിയമത്തിൽനിന്നും ഉള്ള ഉറപ്പ്

നിത്യജീവന്റെ സ്വഭാവത്തെ കുറിച്ച് പഴയനിയമം മുഖ്യമായി പ്രതിപാദിക്കുന്നില്ലെങ്കിലും, മരണാനന്തരജീവിതത്തെ കുറിച്ച് സൂചനകൾ നൽകുന്നുണ്ട്. തങ്ങൾ വീണ്ടും ജനിക്കുമെന്നതിനുള്ള തെളിവുകൾ ആരായുവാൻ യിസ്രായേൽ ശ്രമിച്ചിരുന്നു.

മരണാനന്തരജീവിതത്തെ കുറിച്ചു പഠിപ്പിക്കുവാൻ അവർ മനസിലാ

ക്കിയ ഏതാനും വേദഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

> ആവർത്തനപുസ്തകം 32:39 – "ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു."

> സങ്കീർത്തനങ്ങൾ 17:15 – ''ഞാനോ നീതിയിൽ നിന്റെ മുഖത്തെ കാണും, ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ടു തൃപ്തനാകും."

> സഭാപ്രസംഗി 12:7 – "പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും, ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്ക് മടങ്ങി പോകും."

> യെശയ്യാവ് 26:19 – "നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേൽക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ, നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു; ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ."

ഈ പ്രസ്താവനകൾ മരണാനന്തരജീവിതത്തെ കുറിച്ചു പറയുന്നതാണ്, എന്നാൽ മരണാനന്തരജീവിതം എങ്ങനെ ആയിരിക്കുമെന്നോ അവർ എവിടെ ആയിരിക്കുമെന്നോ അവ വ്യക്തമാക്കുന്നില്ല. അവ രണ്ടിനെ കുറിച്ചും പുതിയനിയമം വളരെ വിവരങ്ങൾ നൽകുന്നുണ്ട്.

നാം വീണ്ടും ജീവിക്കുമെന്ന് മറ്റു വേദഭാഗങ്ങളും പഠിപ്പിക്കുന്നുണ്ടാകാം. ദൈവം അബ്രഹാമിനോട് പറഞ്ഞു, "നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോട് ചേരും; നല്ല വാർദ്ധക്യത്തിൽ അടക്കപ്പെടും" (ഉൽപത്തി 15:15; കൂടാതെ 25:8; 35:29; 49:33). "പിതാക്കന്മാരോട് ചേരും" എന്ന പദപ്രയോഗം അർത്ഥമാക്കുന്നത്, അപ്പോഴും അബ്രഹാമിന്റെ പിതാക്കന്മാരുണ്ട് എന്നതാണ്, പക്ഷെ മറ്റൊരു സ്ഥലത്താണെന്ന് മാത്രം. അവർ ജീവിച്ചിരിപ്പില്ലെങ്കിൽ അവന് എങ്ങനെ അവരോടു ചേരുവാൻ കഴിയും?

മരിച്ചവരുടെ അവസ്ഥയെ കുറിച്ച് ഇയ്യോബ് പറഞ്ഞു:

> അവിടെ ദുർജനം ഉപദ്രവിക്കാതിരിക്കുന്നു, അവിടെ ക്ഷീണിച്ചുപോയവർ വിശ്രമിക്കുന്നു; അവിടെ ബദ്ധന്മാർ ഒരുപോലെ സുഖമായിരിക്കുന്നു, പീഢകന്റെ ശബ്ദം അവർ കേൾക്കാതിരിക്കുന്നു, ചെറിയവനും വലിയവനും അവിടെ ഒരുപോലെ. ദാസന്ന് യജമാനന്റെ കീഴിൽനിന്നു വിടുതൽ കിട്ടിയിരിക്കുന്നു (ഇയ്യോബ് 3:17–19).

മരണാനന്തരജീവിതത്തെ കുറിച്ചുള്ള സൂചനയും അവൻ നൽകുന്നു,

> എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും; ഞാൻ തന്നെ അവനെ കാണും (ഇയ്യോബ് 19:26, 27).

തനിക്ക് അവിടേക്ക് പോകുവാൻ കഴിയും എന്നതുകൊണ്ട്, ദാവീദിന് തന്റെ മകന്റെ വേർപാടിൽ ദുഃഖമുണ്ടായിരുന്നുവെങ്കിലും ആശ്വാസം കണ്ടെത്തി (2 ശമുവേൽ 12:23). ദാവീദ് മരണാന്തരജീവിതത്തിൽ വിശ്വസി

ച്ചിരുന്നുവെന്നാണ് ഇതു തെളിയിക്കുന്നത്. അവന്റെ മകൻ ജീവിച്ചിരിപ്പില്ലെങ്കിൽ ദാവീദിന് എങ്ങനെ മകന്റെ അടുക്കൽ പോകുവാൻ കഴിയും? "എന്റെ പ്രാണനെ നീ പാതാളത്തിൽ വിട്ടുകളഞ്ഞില്ല" എന്ന് ദാവീദ് പ്രവചിക്കയുണ്ടായി (സങ്കീർത്തനങ്ങൾ 16:10). ആ വേദഭാഗം യേശുവിനെ കുറിച്ചു പറയുന്നതാണ്പ്രവൃത്തികൾ 2:25–28.

ദാനിയേൽ എഴുതി, "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദക്കുമായി ഉണരും" (ദാനിയേൽ 12:2).

നമ്മുടെ ജീവിതം ഇവിടെ അവസാനിക്കുന്നില്ല എന്നാണ് ആ വേദഭാഗങ്ങളെല്ലാം സൂചിപ്പിക്കുന്നത്. മരിച്ചശേഷം നാം, ആത്മിയഗോളത്തിൽ ജീവിക്കും.

## പുതിയനിയമത്തിൽനിന്നും ഉള്ള ഉറപ്പ്

മരണാനന്തരജീവിതത്തെ കുറിച്ച് പുതിയനിയമം പഠിപ്പിക്കുന്നുണ്ട്. യേശുവിന്റെ ഉപദേശങ്ങളിലെ മുഖ്യവിഷയങ്ങളിലൊന്നായിരുന്നു നിത്യജീവൻ (യോഹന്നാൻ 4:36; 6:54; 10:28; 12:25; 17:2, 3), ആ വിഷയം പുതിയനിയമത്തിൽ ഉടനീളം തുടരുന്നുണ്ട് (പ്രവൃത്തികൾ 13:48; റോമർ 2:7; 1 തിമൊഥെയൊസ് 6:12).

മരണാനന്തരജീവിതം ഉണ്ടെന്നുള്ളതിന്റെ തെളിവാണ് യേശുവിന്റെ ഉയർപ്പ്. അവന്റെ ഉയർപ്പിൽ നമുക്ക് മരണാനന്തരജീവിതത്തിന്റെ പ്രത്യാശയും (1 കൊരിന്ത്യർ 15:13–22) നാം വീണ്ടും ജീവിക്കും എന്നതിന്റെ ഉറപ്പും ഉണ്ട്. അവൻ പറഞ്ഞു, "ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു" (യോഹന്നാൻ 11:25); "ഞാൻ ജീവിക്കുന്നതുകൊണ്ട്, നിങ്ങളും ജീവിക്കുന്നു" (യോഹന്നാൻ 14:19). യേശു "മരണം നീക്കുകയും സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തി" (2 തിമൊഥെയൊസ് 1:10).

തത്വജ്ഞാനത്തിന്റേയോ, യുക്തിയുടേയോ, അല്ലെങ്കിൽ ആന്തരിക അഭിലാഷത്തിന്റേയോ അടിസ്ഥാനത്തിലുള്ളതല്ല ക്രിസ്ത്യാനിയുടെ മരണാനന്തരജീവിതത്തിന്റെ ഉറപ്പ്. മരിച്ചവർക്കുള്ള പുനരുത്ഥാനത്തെ സംബന്ധിച്ച് ശരിയാണെന്ന് തോന്നുന്ന ചില കാരണങ്ങൾ അവ നൽകിയേക്കാം, എന്നാൽ അവ ഒന്നും തെളിവുകളല്ല. പല സത്യങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ് ക്രിസ്ത്യാനിയുടെ ഉറപ്പ്:

*ദൈവമാണ് പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവ്.*

ദൈവം ഇല്ലെങ്കിൽ, പിന്നെ മരണശേഷം "ജിവിപ്പിക്കുന്ന ശക്തി ഒരിടത്തുമില്ല." നമ്മുടെ സർവ്വശക്തനായ ദൈവം നിലനിൽക്കുന്നതുകൊണ്ട്, നാം മരിച്ചാലും നമുക്ക് അവൻ ജീവൻ നൽകുന്നു (പ്രവൃത്തികൾ 26:8).

*യേശു ദൈവപുത്രനായ, മശിഹ ആകുന്നു.*

യേശു വഴിയും, സത്യവും, ജീവനും ആകുന്നു (യോഹന്നാൻ 14:6). അവൻ സത്യം മാത്രം സംസാരിച്ചതുകൊണ്ട്, മരണാനന്തരജീവിതത്തെ കുറിച്ചും അവൻ പറഞ്ഞത് സത്യമാകുന്നു (യോഹന്നാൻ 18:37). അവന്റെ

ഉപദേശത്തിൽ നാം സത്യം കാണുന്നു (യോഹന്നാൻ 8:40); അവന്റെ ശക്തി യിൽ നാം ഉറപ്പ് കാണുന്നു (യോഹന്നാൻ 11:25, 26); അവന്റെ ഉയർപ്പിൽ നമുക്ക് പ്രത്യാശയുണ്ട് (1 കൊരിന്ത്യർ 15:20–22); അവന്റെ ജീവനിൽ നമുക്ക് ജീവനുണ്ട് (യോഹന്നാൻ 14:19).

*ബൈബിൾ ദൈവത്തിന്റെ വചനം ആകുന്നു.*

ബൈബിൾ എഴുതിയവരിൽ ദൈവത്തിന്റെ കരം ഉണ്ടായിരുന്നു എന്ന് തെളി വുകൾ വ്യക്തമാക്കുന്നു (2 തിമൊഥെയൊസ് 3:16), അതായത് മരണാനന്തര ജീവിതത്തെ കുറിച്ച് അതിലുള്ള ഓരോ പ്രസ്താവനയും സത്യമാകുന്നു.

*പുതിയനിയമ എഴുത്തുകാരുടെ*
*സാക്ഷ്യം സത്യമാകുന്നു.*

ഒഴികഴിവില്ലാതെ, അവരെല്ലാവരും ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടവരാകുന്നു. അവരിൽ മിക്കപേരും തങ്ങളുടെ സാക്ഷ്യം രക്തത്തോടുകൂടിയാണ് ഉറപ്പിച്ചത്; കാരണം അവർ മരണഭീഷണി നേരിട്ട പ്പോൾ, ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പ് സാക്ഷ്യത്തിനായി തങ്ങളെ ത്തന്നെ നല്കി (പ്രവൃത്തികൾ 5:29–31).

ദൈവം ഉണ്ട് എന്ന നമ്മുടെ വിശ്വാസം, തെളിവുകളുടെ അടിസ്ഥാന ത്തിലുള്ളതാണ്, ബൈബിൾ അവന്റെ വചനവുമാണ്. യേശു ക്രിസ്തുവാ ണെന്ന് തെളിയിക്കുന്ന വിശ്വസനിയമായ തെളിവുകൾ ബൈബിളിലുണ്ട്. മരണം നമ്മുടെ ശരീരത്തെ കവർന്നാലും, നാം വീണ്ടും ജീവിക്കുമെന്ന വിശ്വാസവും ഉറപ്പും നൽകുന്നവയാണ് ആ തെളിവുകൾ.

**ഉപസംഹാരം**

മരണനാനന്തരജീവിതത്തിനുള്ള നമ്മുടെ ഹൃദയാഭിലാഷങ്ങൾക്ക് ഉറപ്പ് നൽകുന്നതാണ് ദൈവിക വെളിപ്പാട്. മരണശേഷം നാം ജീവിക്കുമെന്ന് പരീ ക്ഷണത്തിലൂടെ നമുക്ക് കാണിക്കുവാൻ സാധ്യമല്ല. മരിച്ചശേഷം ആരും വന്ന് മരണശേഷമുള്ള അവസ്ഥയെ കുറിച്ച് നമ്മോട് പറഞ്ഞിട്ടില്ല. മരണ ശേഷം നാം വീണ്ടും ജീവിക്കുമെന്ന നമ്മുടെ ഉറപ്പ് യേശുവിന്റെ ഉയർപ്പി നാലും, യേശുക്രിസ്തു മൂലം ലഭിച്ച വെളിപ്പാടിനാലുമാണ്. നാം മരണത്തി ലൂടെ കടന്നുപോകുമ്പോൾ നമുക്ക് അറിയാം അതോടെ അവസാനിക്കുക യല്ല, മറിച്ച് ജീവിക്കുകയാണ് എന്ന്.

## പുനരുത്ഥാനം പഴയനിയമത്തിലും പുതിയനിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്നു

| | |
|---|---|
| 1 രാജാക്കന്മാർ 17:20-23 | സാറാഫാത്തിലെ വിധവയുടെ മകനെ ഏലി യാവ് ഉയർപ്പിച്ചു. |
| 2 രാജാക്കന്മാർ 4:32-37 | ശൂനേംകാരത്തിയുടെ മകനെ ഏലിശാ ഉയ ർപ്പിച്ചു. |
| 2 രാജാക്കന്മാർ 13:21 | ഒരു മനുഷ്യനെ മോവാബ്യർ ഏലിശയുടെ കല്ലറക്കരികിൽ അടക്കുകയും, പ്രവാചക ന്റെ അസ്ഥിയിൽ തൊട്ടതുകൊണ്ട് അവന് ജീവൻ ലഭിക്കയും ചെയ്തു. |
| മത്തായി 9:18-25 | പള്ളിപ്രമാണിയായിരുന്ന യായിറോസിന്റെ മകളെ യേശു ഉയർപ്പിച്ചു. |
| മത്തായി 27:52, 53 | യേശു മരിച്ചപ്പോൾ ദൈവം പലരേയും ഉ യർപ്പിച്ചു. |
| മത്തായി 28:1-9 | യേശു ഉയർത്തെഴുന്നേറ്റു. |
| ലൂക്കൊസ് 7:11-17 | നയീനിലെ വിധവയുടെ മകനെ യേശു ഉയർപ്പിച്ചു. |
| യോഹന്നാൻ 11:23-44 | യേശു ലാസറിനെ ഉയർപ്പിച്ചു. |
| പ്രവൃത്തികൾ 9:36-41 | പത്രൊസ് തബീഥയെ ഉയർപ്പിച്ചു. |
| പ്രവൃത്തികൾ 20:9-12 | പൗലൊസ് യൂത്തിക്കൊസിനെ ഉയർപ്പിച്ചു. |